കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ചിറ്റൂർ –തത്തമംഗലം നഗരസഭ – ഡോ.അംബേദ്ക്കർ സാംസ്കാരികനിലയത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ ഒരു കെയർടേക്കറെ നിയമിച്ച നടപടിയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1439/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 09/06/2014

പരാമർശം :
1. ചിറ്റൂർ - തത്തമംഗലം നഗരസഭാ കൌൺസിലിന്റെ 10/1/2014 ലെ 7ാം നമ്പർ തീരുമാനം
2. 22/1/2014 ലെ ചിറ്റൂർ തത്തമംഗലം മുനിസിപ്പൽ സെക്രട്ടറിയുടെ R2-11575/13 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 25/3/2014 ലെ G2.4185/14ാം നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം ചിറ്റൂർ – തത്തമംഗലം നഗരസഭയിലെ ഡോ.അബേദ്ക്കർ സാംസ്കാരിക നിലയത്തിലേക്ക് പ്രതിമാസം 1000/–(ആയിരം രൂപ) ഹോണറേറിയം വ്യവസ്ഥയിൽ ഒരു കെയർടേക്കറെ നിയമിച്ച നടപടിയ്ക്ക് അംഗീകാരം നൽകണമെന്നും തുടർന്നും ടി കെയർടേക്കറുടെ സേവനം ഉപയോഗപ്പെടുത്താൻ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ചിറ്റൂർ – തത്തമംഗലം മുൻസിപ്പാലിറ്റി സെക്രട്ടറി അപേക്ഷിച്ചു. ആയത് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെയർടേക്കറെ നിയമിക്കുന്നതിനുള്ള ചെലവ് ആഡിറ്റോറിയത്തിൽ നിന്നുള്ള വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിന്മേൽ ചിറ്റൂർ – തത്തമംഗലം നഗരസഭയിലെ ഡോ.അബേദ്ക്കർ സാംസ്കാരിക നിലയത്തിന്റെ നടത്തിപ്പിനായി പ്രതിമാസം 1000/– (ആയിരം രൂപ) ഹോണറേറിയം വ്യവസ്ഥയിൽ ഒരു കെയർടേക്കറെ നിയമിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.റംലത്ത്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചിറ്റൂർ തത്തമംഗലം മുൻസിപ്പാലിറ്റി
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

10/6

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ